# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1894** — **14/08/2017-ൽ മറുപടിക്ക്**

## പകർച്ചപ്പനി

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**
**,, സി.കൃഷ്ണൻ**
**,, മുരളി പെരുനെല്ലി**
**,, എം. സ്വരാജ്**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

**എ)** സംസ്ഥാനത്ത് വിവിധ പകർച്ചപ്പനികൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

**എ)** പകർച്ചപ്പനികൾ വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി രോഗങ്ങളെക്കുറിച്ചും, രോഗപ്രതിരോധത്തെപ്പറ്റിയും വ്യക്തമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. ലഘുലേഖ വിതരണം, പോസ്റ്റർ, ആരോഗ്യ വിദ്യാഭ്യാസം, സെമിനാർ, സംവാദം, ചോദ്യോത്തര വേദി എന്നിവ വഴിയും കൂടാതെ മൈക്ക് അനൗൺസ്മെന്റ്, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും കൃത്യമായി ബോധവൽക്കരണം നടത്തിവരുന്നു.

**ബി)** കൊതുകുകൾ, എലികൾ മുതലായവ പെരുകുന്നത് തടയുന്നതിനായി എന്തെല്ലാം മുൻ കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**ബി)** കൊതുകുകൾ, എലികൾ മുതലായവ പെരുകുന്നത് തടയുന്നതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

- മാലിന്യം കുന്നുകൂടുന്നിടത്ത് എലി, കൊതുക് പെരുകുന്നത് തടയുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്ന പ്രചരണത്തിന് നേതൃത്വം നൽകി.
- ആഴ്ച തോറും ഉള്ള ഡ്രൈഡേ ആചരണം
- കൊതുകുജന്യ രോഗം ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഫോഗിംഗ്, ഐ.ആർ.എസ്, ഐ.എസ്.എസ് തുടങ്ങിയ രാസ നിയന്ത്രണ മാർഗ്ഗങ്ങൾ നടത്തുന്നു.
- കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എലി നശീകരണ പ്രവർത്തനങ്ങൾ

➡

സി) ഇത്തരം പകർച്ച വ്യാധികൾക്കെതിരെ എല്ലാ സർക്കാർ ആശുപത്രികളിലും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സി) സ്വീകരിച്ചിട്ടുണ്ട്.
കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയും കാരുണ്യ ഫാർമസി വഴിയും ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ലോക്കൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങുവാൻ ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**